# മ്യൂസിയം

**മ്യൂസിയത്തിലെ**
അവസാന പടവും
കടന്ന് മനുഷ്യത്വം
ആദ്യപടികടക്കുമ്പോൾ
ഒരിലനിഴലനക്കത്തിന്റെ
നേരിയ
പ്രതീക്ഷയുണ്ടായിരുന്നു.
ഏതെങ്കിലും
ഒരൊഴിഞ്ഞ അസ്ഥിക്കൂട്
നേർത്ത ഉറവയുടെ
പുസ്തകത്താള് നിവർത്തി
അടിവരയിടുമെന്ന്.
തെറ്റി....
വിലാപങ്ങളുടെ
മാറാപ്പുതാങ്ങാനാവാതെ
ശലഭച്ചിറകൊടിഞ്ഞ
താഴ്‌വാരങ്ങൾ
നിർത്താതെ കുഴിമാന്തുന്നുണ്ട്
താരകങ്ങളെ മറമാടാൻ.
ഉറവകളുടെ കടലിനെ
ഉറക്കിക്കെടുത്തിയ
പാറക്കൂട്ടങ്ങൾ
ഉത്ഖനനത്തിന്റെ
വാതിലിന് മറയിടുന്നുണ്ട്.
നാളെ
മറഞ്ഞ
പ്രപഞ്ചതെളിവ് കാണാൻ
ടിക്കറ്റെടുക്കുന്ന
ക്യൂവിൽ
ഈ ഞാനുമുണ്ടാകും!

**നാസർ ഇബ്റാഹീം**



# യുവത്വം

**കത്തും ചിരാത്,**
ഇരുൾ മുറിച്ച് പായും കിനാവുകൾ
ഉരുകിത്തളരാത്ത ത്യാഗനിമേഷങ്ങൾ.

വക്കടരാത്ത വാക്ക്,
കാത്തുനിൽക്കാതെ
കത്തിപ്പടരുന്ന നിലപാടുകൾ
എരിഞ്ഞടങ്ങാത്ത തീക്കരുത്ത്.

കൂർപ്പിച്ച കണ്ണ്,
പരിസരങ്ങളുടെ വെല്ലുവിളികളിൽ
തിളക്കുന്ന ചോര, ആറാത്ത കൊടുങ്കാറ്റ്.

ഉലയാത്ത ശൗര്യം,
വൈരുധ്യങ്ങളിലേക്ക് എയ്ത വിരലുകൾ
വിതച്ച് കൊയ്ത വിപ്ലവങ്ങൾ.

തേയാത്ത ചുമല്,
തളരാത്ത കൈത്താങ്ങ്
ഏറ്റെടുപ്പിന്റെ ഇടപെടലുകൾ.

ഇത് യുവത്വം.

**അനസ് മാള**

# കരയുന്ന മഴയിൽ....

കരയുന്ന മഴയിൽ,
നനഞ്ഞൊട്ടിയ
കുഞ്ഞിന്റെ
ഉടുപ്പുകളുണ്ട്.
പനിപിടിച്ചു
വിറക്കുന്ന
സ്വപ്നങ്ങളുണ്ട്
ഇരുളിലേക്ക്
തലനീട്ടുന്ന
ജാലകങ്ങളുണ്ട്.
ഇനിയും
പെയ്യാത്ത
കവിതയുടെ
വിങ്ങലുകളുണ്ട്.....

**ബിജു വളയന്നൂർ**